ED1/29698/19/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 23
26.08.2023

സർക്കാർ ഉത്തരവ് പകർപ്പ് മേലെഴുത്തായി ഡിടിഇ വെബ് സൈറ്റ് വഴി കൈമാറുന്നു.

Mansoor A
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്.

1.പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്ക്നോളജി & സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, ഷൊർണ്ണൂർ (ഡിടിഇ വെബ് സൈറ്റ് മുഖേന)
2.ശ്രീ.അഭിജിത്ത്.ഡി.എസ്,ക്ലാർക്ക് (അന്യത്ര സേവനത്തിൽ തുടരുന്ന), ഐപിടി & ജിപിടിസി, ഷൊർണ്ണൂർ
3.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
Mansoor A
Date: 26.08.2023
Reason: Approved

Draft #4 of File ED1/29698/19/DTE Approved by Administrative Assistant on 26-Aug-2023 11:44 AM - Page 1

The document is digitally approved. Hence signature is not needed.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

OFFICE OF THE DIRECTOR OF TECHNICAL EDUCATION 03 AUG 2023 THIRUVANANTHAPURAM

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിലിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീ അഭിജിത്ത് ഡി.എസ്.ന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1908/2023/H&FWD തീയതി,തിരുവനന്തപുരം, 01-08-2023

---

പരാമർശം:-

1. 26.07.2019ലെ സ.ഉ.(സാധാ) നം. 1837/2019/ആ.കു.വ
2. 16.08.2020ലെ സ.ഉ.(സാധാ) നം. 1906/2020/ആ.കു.വ
3. 24.11.2021ലെ സ.ഉ.(സാധാ) നം. 2617/2021/ആ.കു.വ
4. 17.09.2022ലെ സ.ഉ.(സാധാ) നം.2255/2022/ആ.കു.വ.
5. ശ്രീ അഭിജിത്ത് ഡി.എസ്. ന്റെ 19.06.2023ലെ അപേക്ഷ
6. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 05.07.2023ലെ ഇ.ഡി.1/29698/19/ഡി.ടി.ഇ. നമ്പർ കത്ത്.
7. കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിൽ രജിസ്ട്രാറുടെ 15.07.2023ലെ ഇ/89060/2018/എൻ. സി. നമ്പർ കത്ത്

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി & ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ ക്ലാർക്കായ ശ്രീ അഭിജിത്ത് ഡി.എസ് -ന് അന്യത്ര സേവനത്തിന്റെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം 1- ലെ ഉത്തരവ് പ്രകാരം കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിലിലെ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2,3,4 ഇവയിലെ ഉത്തരവുകൾ പ്രകാരം ടിയാന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചും ഉത്തരവായിരുന്നു. ദീർഘിപ്പിച്ച നൽകിയിരുന്ന അന്യത്ര സേവന കാലാവധി 04.08.2023-ൽ അവസാനിക്കുന്നതിനാൽ അന്യത്ര സേവനം ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ശ്രീ അഭിജിത്ത് ഡി.എസ്. പരാമർശം 5 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാന് അന്യത്ര സേവനം ദീർഘിപ്പിച്ചു നൽകുന്നതിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് തടസ്സമില്ലെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 6 പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാന്റെ അന്യത്ര സേവന കാലാവധി 05.08.2023 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം 7 പ്രകാരം കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിൽ രജിസ്ട്രാർ അപേക്ഷിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഷൊർണ്ണൂർ ഇൻസ്റ്റിറ്റൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി & ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ ക്ലാർക്കും നിലവിൽ കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിലിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവനത്തിൽ തുടർന്നു വരുന്നയാളുമായ ശ്രീ അഭിജിത്ത് ഡി.എസ്.ന്റെ അന്യത്ര സേവന കാലാവധി, അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി 05.08.2023-മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA R
അണ്ടർ സെക്രട്ടറി

പകർപ്പ് :-
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ശ്രീ അഭിജിത്ത് ഡി.എസ്, ക്ലാർക്ക്, നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം (രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ മുഖേന)
പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി & ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ഷൊർണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 01-08-2023 16:49:48
സെക്ഷൻ ഓഫീസർ

*പകർപ്പ് :- ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ അറിവിനായി*
*ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ അറിവിനായി*